# മഹാത്മാഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം 686 560
ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/210/2018 2018 ഒക്ടോബർ 8

## വാർത്താക്കുറിപ്പ്

---

# ഭിന്നശേഷിക്കാർക്ക് പ്രത്യേക വാഹനസൗകര്യമൊരുക്കിയ ആദ്യ സർവകലാശാല കാമ്പസായി എം.ജി.

### വീടുകളുടെ ഡിസൈൻപോലും ഭിന്നശേഷി സൗഹൃദമാകണം: പ്രൊഫ. സാബു തോമസ്

ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കും ജീവനക്കാർക്കും സന്ദർശകർക്കും കാമ്പസിനുള്ളിൽ സഞ്ചരിക്കാൻ ഇലക്ട്രിക് വാഹന സൗകര്യമൊരുക്കിയ സംസ്ഥാനത്തെ ആദ്യ സർവകലാശാലയായി എം.ജി. ഭിന്നശേഷിസൗഹൃദ കാമ്പസായി എം.ജി.യെ മാറ്റുന്നതിന്റെ ഭാഗമായാണ് ബാറ്ററിയിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി സൗഹൃദമായ വാഹനം സർവകലാശാല ഒരുക്കിയത്. ഒരു ഫോൺ വിളിയിലൂടെ ഇവർക്ക് കാമ്പസിൽ വാഹന സൗകര്യം ലഭ്യമാകും.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനുള്ള പ്രവർത്തനങ്ങളിൽ പ്രഗത്ഭരായ പ്രത്യാശ ഫൗണ്ടേഷൻ ഡയറക്ടർ സൈമൺ ജോർജ്ജ്, ദേശീയ പുരസ്കാരം നേടിയ ബിജു വർഗീസ് എന്നിവർ ചേർന്നാണ് ഫ്ളാഗ് ഓഫ് നിർവ്വഹിച്ചത്.

നാം താമസിക്കുന്ന വീടുകളുടെ രൂപകൽപന പോലും ഭിന്നശേഷി സൗഹൃദമാകണമെന്ന് ഉദ്ഘാടന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവകലാശാലയിൽ വിവിധ പഠനവകുപ്പുകളിൽ ഭിന്നശേഷിക്കാർക്ക് സുഗമമായി സഞ്ചരിക്കാൻ റാമ്പ് സൗകര്യം ഒരുക്കിയിട്ടുണ്ട്. എല്ലാ പഠനവകുപ്പുകളിലും ലിഫ്റ്റും ഭിന്നശേഷിക്കാർക്കായി പ്രത്യേക ടോയ്ലറ്റുകളും വാഹന പാർക്കിംഗ് സൗകര്യവുമൊരുക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. കൃഷ്ണദാസ്, ഡോ. പി.കെ. പത്മകുമാർ, ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. സി.റ്റി. അരവിന്ദകുമാർ, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.റ്റി. ബാബുരാജ്, വിദ്യാർത്ഥിനി ഫാത്തിമ നസീമ എന്നിവർ പ്രസംഗിച്ചു.

ഇതോടനുബന്ധിച്ച് ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതു സംബന്ധിച്ചും ഭിന്നശേഷി സൗഹൃദവാഹനങ്ങളുടെ നിർമാണം സംബന്ധിച്ചും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും സംഘടിപ്പിച്ച പ്രഭാഷണം കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ നടന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു.